"ലോകനാർകാവ് ചിറ നവീകരണം"

212 (6131) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ ലോകനാർകാവ് ചിറ നവീകരിക്കുന്നതിനും ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനും സർക്കാർ എന്തെങ്കിലും സഹായങ്ങൾ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ പരമാവധി സഹായം ചെയ്യുന്നതിന് സർക്കാർ നീക്കമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് മുഖേന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 4 ലക്ഷം രൂപ അടങ്കൽ തുകയിൽ ലോകനാർക്കാവ് ചിറ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി ദേവസ്വം ഫണ്ടിൽ നിന്നും 10,000 രൂപയും ഉപയോഗിച്ചിട്ടുണ്ട്. ഈ ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപറയുന്ന തുക അനുവദിച്ചിട്ടുണ്ട്.

2006-07	25,000 രൂപ	(ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പുമുഖേന)
2007-08	20,000 രൂപ	(ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പുമുഖേന)
2008-09	1,00,000 രൂപ	(മലബാർ ദേവസ്വം ബോർഡ് മുഖേന)
2009-10	25,000 രൂപ	(മലബാർ ദേവസ്വം ബോർഡ് മുഖേന)

"ചെറുക്ഷേത്രങ്ങളുടെ സംരക്ഷണം"

213 (6132) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും ജീവനക്കാരുടെ ക്ഷേമത്തിനുമായി ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ബി) എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൻകീഴിലുള്ള ചെറു ക്ഷേത്രങ്ങളുടെ സംരക്ഷണത്തിന് ആധുനിക സുരക്ഷാക്രമീകരണങ്ങൾ നടത്തുന്നതിന് ബോർഡ് നടപടിയെടുത്തുവരുന്നു. ബോർഡിലെ മിനിസ്റ്റീരിയൽ

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ക്രമത്തിൽ ശമ്പളവും അലവൻസുകളും നൽകിവരുന്നു. ക്ഷേത്ര ജീവനക്കാർക്ക് പ്രത്യേക ഉത്തരവിലൂടെ ശമ്പള പരിഷ്കരണം നൽകിവരുന്നു.

കൊച്ചി ദേവസ്വം ബോർഡിൻകീഴിലെ വലുതും ചെറുതുമായ ക്ഷേത്രങ്ങളിലെ 1250 ഓളം ജീവനക്കാർക്ക് 2007-ൽ ശമ്പള പരിഷ്കരണ ആനുകൂല്യം നൽകിയിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിൻകീഴിലുള്ള സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലേതുൾപ്പെടെയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 1-3-2009-ൽ ശമ്പളം പുതുക്കി നൽകിയിട്ടുണ്ട്. 5000-ൽ അധികം ജീവനക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ജീർണ്ണോദ്ധാരണ ഫണ്ട് നൽകുമ്പോൾ ഇത്തരം ക്ഷേത്രങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകി തുക അനുവദിക്കാറുണ്ട്.

ഗുരുവായൂർ ദേവസ്വം സ്വന്തം ഫണ്ടിൽ നിന്നും കഴിഞ്ഞ 5 വർഷം ആകെ 5,73,46,000 രൂപ കേരളത്തിലെ ഇതര ഹിന്ദു ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതുവഴി ഏകദേശം 2500 ക്ഷേത്രങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വം ജീവനക്കാർക്കായി ദേവസ്വം ആക്ട്റ്റിനും, റഗുലേഷനും വിധേയമായി ആനുകൂല്യങ്ങളും മറ്റ് ക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

സർക്കാർ പ്രസ്സുകളുടെ നവീകരണം

214 (6133) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം ഗവൺമെന്റ് പ്രസ്സുകളുടെ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പാഠപുസ്തകൾ മുഴുവൻ ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിച്ച് സമയത്ത് ലഭ്യമാക്കാൻ കഴിയുന്നുണ്ടോ ;

(സി) തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് പ്രസ്സുകളുടെ വികസനത്തിനുവേണ്ടി വാങ്ങിയിട്ടുള്ള മെഷീനറിയുടെ വിശദവിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* കൂടാതെ 2 കോടിയിലധികം വിലവരുന്ന ആധുനിക വെബ് ഓഫ്സെറ്റ് മെഷീനുകൾ മണ്ണന്തല, ഷൊർണ്ണൂർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly